**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 13/10/2020 ലെ WCD/E8/6975/2020 നമ്പർ ഉത്തരവ്
2) വനിതാ ശിശുവികസന ഡയറക്ടറുടെ 01/02/2025 തീയതിയിലെ DWCD/86/2025-E1 നമ്പർ പരിപത്രം
3) വനിതാ ശിശുവികസന ഡയറക്ടറുടെ 02/05/2025 തീയതിയിലെ DWCD/3/2025-E7 നമ്പർ ഉത്തരവ്

**ഉത്തരവ് നം. DWCD/6/2025-E7 തീയതി: 07-05-2025**

വനിതാ ശിശു വികസന വകുപ്പിൽ പരാമർശം(3) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം. (69) വരെയുള്ളവർക്ക് ഇതിനോടകം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന ജീവനക്കാർക്ക് ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

സീനിയോരിറ്റി നം.(70) ശ്രീ രതീഷ് ബി

സീനിയോരിറ്റി നം.(71) ശ്രീ മുഹമ്മദ് കുഞ്ഞി കെ

ഈ സാഹചര്യത്തിൽ ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള സീനിയർ ക്ലർക്കുമാർക്ക് KS&SSR ചട്ടം 28A(1) പ്രകാരം 39300-83000/-രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ രതീഷ് ബി<br>സീനിയർ ക്ലർക്ക്<br>ഐ.സി.ഡി.എസ് ഇത്തിക്കര<br>പെൻ നം.111224 | ഹെഡ് അക്കൗണ്ടന്റ്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ് |
| 2 | ശ്രീ മുഹമ്മദ് കുഞ്ഞി കെ<br>സീനിയർ ക്ലർക്ക്<br>ഐ.സി.ഡി.എസ് കാറഡുക്ക<br>പെൻ നം.310362 | ഹെഡ് അക്കൗണ്ടന്റ്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്,<br>എറണാകുളം |

വകുപ്പിലെ ജീവനക്കാരുടെ 2025 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള നടപടികൾ പരാമർശം(2) പ്രകാരം ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ 2025 ലെ

പൊതുസ്ഥലംമാറ്റത്തിൽ ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും പൊതുസ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയത്തിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിനും നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR

**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**